

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XI

(SUBJECT COMMITTEE XI)

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

(FOOD, CIVIL SUPPLIES AND CO-OPERATION)

പീരിയോഡിക്കൽ റിപ്പോർട്ട്

(2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH, 2026)

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

2026 ഒക്ടോബർ 28 - ാം തീയതി സമർപ്പിച്ചത്

(Presented on 28th October 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALAM LEGISLATURE
THIRUVANANTHAPURAM
2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XI

(SUBJECT COMMITTEE XI)

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

(FOOD, CIVIL SUPPLIES AND CO-OPERATION)

പീരിയോഡിക്കൽ റിപ്പോർട്ട്

(2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH, 2026)

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly)

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	-	v
അവതാരിക	-	vii
റിപ്പോർട്ട്	-	1
അനുബന്ധം	-	

സബ്ജക്ട് കമ്മിറ്റി XI

(ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

(2026-2028)

ഘടന

ചെയർപേഴ്സൺ :

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യ – പൊതുവിതരണ വകുപ്പുമന്ത്രി

എക്സ് – ഒഫീഷ്യോ അംഗം :

ശ്രീ. എം. ലിജു,
സഹകരണ - എക്സൈസ് വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. സി. അജയപ്രസാദ്

ശ്രീ. കല്ലട മാഹിൻ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കാരായി രാജൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. നാട്ടകം സുരേഷ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി

ശ്രീ. വിജേഷ് ടി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഉമാകൃഷ്ണൻ എം. പി., അണ്ടർ സെക്രട്ടറി.

അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

15-ാം കേരളനിയമസഭയുടെ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2023-26), 2023 ഡിസംബർ 7-ാം തീയതി രൂപീകൃതമായി. 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 20-08-2025, 29-09-2025, 06-02-2026, 10.02.2026, 19.02.2026 എന്നീ തീയതികളിലായി അഞ്ച് യോഗങ്ങൾ ചേർന്നു. ഇതിൽ രണ്ട് യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും ഒരു യോഗം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് പരിശോധനയ്ക്കും, ഒരു യോഗം നാലാമത് സ്കൂട്ടിനി റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, 2024-25 സാമ്പത്തിക വർഷത്തെ പിരിയോഡിക് റിപ്പോർട്ട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവയുടെ കരടുകൾ, വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ കാലതാമസപത്രികകൾ എന്നിവയുടെ പരിശോധനയ്ക്കും ഒരു യോഗം കരട് ചട്ടത്തിന്റെ പരിഗണനയ്ക്കും എസ്.ആർ.ഒ കളുടെ സാധൂകരണത്തിനു മായിരുന്നു.

ഏഴ് അദ്ധ്യായങ്ങളായി തയ്യാറാക്കിയ റിപ്പോർട്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III - സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

അദ്ധ്യായം IV - നിയമസഭാ ചട്ടം 235(എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V - നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI - (a) 2025-26 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം

(b) സമിതി പരിഗണിച്ച, മുൻ വർഷങ്ങളിലെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2026 ഒക്ടോബർ 13 ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

അനുപ് ജേക്കബ്,
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി XI.

തിരുവനന്തപുരം,
2026 ഒക്ടോബർ 28.

റിപ്പോർട്ട്

അധ്യായം I

സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

(എ) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 29-09-2025-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 30-09-2025-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് 29-09-2025-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 30-09-2025-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് 19-02-2026-ലെ സമിതി യോഗം പരിഗണിക്കുകയും 23.02.2026- ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അധ്യായം II

സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

റിപ്പോർട്ട് കാലയളവിൽ സമിതി ബില്ലുകൾ പരിശോധിച്ചിട്ടില്ല.

അധ്യായം III

സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ -കൾ സംബന്ധിച്ച വിശദാംശം

സമിതി പരിഗണിച്ച ചട്ടങ്ങൾ

കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ചട്ടങ്ങൾ, 2025 ന്റെ കരട് ചട്ടം.

സമിതി പരിഗണിച്ച എസ്.ആർ.ഒ-കൾ

1. കേരള ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) (ഭേദഗതി) റൂൾസ്, 2024 - എസ്.ആർ.ഒ നം. 1072/2024
2. കേരള സഹകരണ സംഘം (ഭേദഗതി) ചട്ടം, 2024 – എസ്.ആർ.ഒ നം. 1136/2024
3. കേരള സഹകരണ സംഘം (ഭേദഗതി) ചട്ടം, 2025 – എസ്.ആർ.ഒ നം. 380/2025

അധ്യായം IV

നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശം

റിപ്പോർട്ട് കാലയളവിൽ 235(എ) പ്രകാരം യോഗം ചേർന്നിട്ടില്ല

അധ്യായം V

നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

ധനാഭ്യർത്ഥന നമ്പർ	സാമ്പത്തിക വർഷം	വകുപ്പ്	സഭയിൽ സമർപ്പിച്ച തിയതി
XXVII-സഹകരണം	2024-25	സഹകരണ വകുപ്പ്	06-10-2025

അധ്യായം VI

(എ) 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിന്മേലുള്ള 21 ശിപാർശകളിൽ 8, 11, 13, 16, 17, 19, 20, 21 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ മാത്രമാണ് നടപടി റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്. ഇനിയും മറുപടി ലഭ്യമാക്കാനുള്ള ശിപാർശകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വകുപ്പ്	ഖണ്ഡിക നം.
1	സഹകരണ വകുപ്പ്	1, 2
2	ഉപഭോക്തൃകാര്യ വകുപ്പ്	3 മുതൽ 7 വരെ, 9
3	ഭക്ഷ്യപൊതുവിതരണ വകുപ്പ്	10, 12, 14, 15, 18

(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളൊന്നും ലഭ്യമാക്കുവാൻ കൂടിശ്ശികയില്ല.

അദ്ധ്യായം VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും

റിപ്പോർട്ട് കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

അനൂപ് ജേക്കബ്,

തിരുവനന്തപുരം **ചെയർപേഴ്സൺ,**

2026 ഒക്ടോബർ 13. **സബ്ജക്ട് കമ്മിറ്റി XI.**

അനുബന്ധം

പതിനഞ്ചാം കേരളനിയമസഭ

സബ്ജക്ട് കമ്മിറ്റി XI (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

20.08.2025-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2025 ആഗസ്റ്റ് 20-ാം തീയതി ബുധനാഴ്ച്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '3-ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി ശ്രീ.വി.എൻ.വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ് ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പു മന്ത്രി ശ്രീ.ജി.ആർ.അനിലും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ.അബ്ദുൽ ഹമീദ് പി., എം.എൽ.എ (ഗ്രൂഗിൾമീറ്റ് മുഖേന)
2. ശ്രീ. സജീവ് ജോസഫ്., എം.എൽ.എ
3. ശ്രീ. ജി.സ്റ്റീഫൻ., എം.എൽ.എ (ഗ്രൂഗിൾമീറ്റ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി സിന്ധു റ്റി. ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. വീണാ മാധവൻ, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. ശരത്ചന്ദ്രൻ സി. എസ്., സ്പെഷ്യൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
3. ശ്രീമതി ഹിമ കെ., കമ്മീഷണർ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
4. ശ്രീ. അജി ഫിലിപ്പ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
5. ശ്രീ. റോയിച്ചൻ തോമസ്, ജോയിന്റ് സെക്രട്ടറി, ഭക്ഷ്യ- പൊതുവിതരണ വകുപ്പ്
6. ശ്രീമതി വിജയശ്രീ എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീമതി ഡി. റീന, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. ശ്രീകുമാർ എ., അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), ഓഫീസ് ഓഫ് ദി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റിവ് സൊസൈറ്റീസ്, തിരുവനന്തപുരം
9. ശ്രീ. കിഷോർ കുമാർ ജെ., കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
10. ശ്രീ. അജി ഫ്രാൻസിസ്, ചീഫ് അക്കൗണ്ട്സ് ഓഫീസർ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

11. ശ്രീ. അബ്ദുൽ ഹഫീസ് എം., ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

12. ശ്രീ. റോബിൻ രാജ്, ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്), ഓഫീസ് ഓഫ് ദി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റിവ് സൊസൈറ്റീസ്

13. ശ്രീ. അജയകുമാർ എൻ., അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി.), ഓഫീസ് ഓഫ് ദി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റിവ് സൊസൈറ്റീസ്

14. ശ്രീ. സജീവ് എസ്., ലാ ഓഫീസർ, ഓഫീസ് ഓഫ് ദി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റിവ് സൊസൈറ്റീസ്

15. ശ്രീ. ശക്തികുമാർ ടി. വി., ലാ ഓഫീസർ (ഇൻ ചാർജ്), ലീഗൽ മെട്രോളജി വകുപ്പ്

16. ശ്രീ. പ്രശാന്ത് ജി. എസ്., അണ്ടർ സെക്രട്ടറി, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. **കേരള സഹകരണ സംഘം ചട്ടങ്ങൾ- ചട്ടം 186 ഭേദഗതി- കരട് ചട്ടങ്ങൾ**
(ഫയൽ നം.KLS/4456/2025/Subc G1)

യു.ജി.സി. അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള ബിരുദങ്ങൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സർവീസ് പരീക്ഷാബോർഡ് മുഖേന നടത്തുന്ന ബിരുദം യോഗ്യതയായുള്ള പരീക്ഷകൾക്കെല്ലാംതന്നെ 'ഏതെങ്കിലും യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നുള്ള ബിരുദം' എന്ന് യോഗ്യത നിശ്ചയിക്കുന്നതിനായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ ചട്ടം 186-ൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രിലിമിനറി നോട്ടിഫിക്കേഷൻ 20-02-2023-ൽ വിജ്ഞാപനം ചെയ്തുവെന്നും പ്രസ്തുത കരട് ചട്ടം സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതായും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി യോഗത്തിൽ വിശദീകരിച്ചു.

പ്രസ്തുത കരട് ചട്ടം ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

2. **എസ്. ആർ.ഒ.-കളുടെ സാധൂകരണം**

i) കേരള ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ് (2012) ഭേദഗതി, 2024 (എസ്.ആർ. ഒ. നം. 1072/2024)
(ഫയൽ നം. KLS/16214/2024/Subc G1)

2012-ലെ കേരള ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) റൂൾസിൽ ലൈസൻസ് ഫീസ് 5000/- രൂപയാണ് നിഷ്കർഷിച്ചിരുന്നതെന്നും ലൈസൻസ് ഫീ കൂടുതലാണെന്ന ലൈസൻസികളുടെ സംഘടനയുടെ പരാതിയുടെ അടിസ്ഥാനത്തിൽ 14-12-2021, 27-10-

2022 എന്നീ തീയതികളിൽ സർക്കാർ തലത്തിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ റിപ്പയേഴ്സ് ലൈസൻസ്, ഇലക്ട്രോണിക് ബാലൻസ് ഉൾപ്പെടെയുള്ളവയ്ക്ക് 2,000/- രൂപയായും ഇലക്ട്രോണിക് ബാലൻസില്ലാത്തവർക്ക് 500/- രൂപയായും കുറവ് ചെയ്യാൻ തീരുമാനിക്കുകയും പ്രൊപ്പോസൽ തയ്യാറാക്കി ഉപഭോക്തൃകാര്യ വകുപ്പ് നിയമ വകുപ്പിന് സർക്കുലേറ്റ് ചെയ്യുകയും ലീഗൽ മെട്രോളജി ആക്ട് പ്രകാരം കേന്ദ്ര സർക്കാരിന്റെ കൺകറൻസിന് അയയ്ക്കുകയും കൺകറൻസ് നൽകിക്കൊണ്ട് ലീഗൽ മെട്രോളജി ഡയറക്ടർ നിർദേശിച്ച മൂന്ന് മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 29-10-2024-ലെ G.O. (Ms)4/2024/CAD (SRO No.1072/2024) പ്രകാരം ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) (ഭേദഗതി) റൂൾസ് 2024 വിജ്ഞാപനം ചെയ്തെന്നും പ്രസ്തുത നടപടി സാധൂകരിക്കണമെന്നും ലീഗൽ മെട്രോളജി വകുപ്പ് കൺട്രോളർ സമിതിയോട് ആവശ്യപ്പെട്ടു.

പ്രസ്തുത എസ്.ആർ.ഒ പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

ii) കേരള സഹകരണ സംഘം (ഭേദഗതി) ചട്ടം, 2024

(സ്.ആർ.ഒ. നം. 1136/2024)

(ഫയൽ നം. KLS/247/2025/Subc G1)

25-11-2014 തീയതിയിലെ സർക്കാർ ഉത്തരവുപ്രകാരം സഹകരണ മേഖലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ യോഗ്യത വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ യോഗ്യതയ്ക്ക് സമാനമായി ഏകീകരിച്ചിരുന്നെന്നും പ്യൂൺ/വാച്ച്മാൻ, പ്യൂൺ/അറ്റൻഡർ എന്നീ തസ്തികകളുടെ യോഗ്യതയോടൊപ്പം "should not have acquired any degree" എന്ന വ്യവസ്ഥകൂടി ചേർക്കണമെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷനും അറിയിച്ചതിനെ തുടർന്ന് സഹകരണ നിയമത്തിലെ ഷെഡ്യൂൾ ഒന്നിൽ അപെക്സ് സൊസൈറ്റികൾ പരാമർശിച്ചിട്ടുള്ളിടത്ത് പ്യൂൺ/അറ്റൻഡർ തസ്തികകളിൽ മാത്രമായി “Pass in standard seven and should not have acquired any degree” എന്നും ഷെഡ്യൂൾ ഒന്നിൽ പരാമർശിക്കാത്ത സൊസൈറ്റികൾക്ക് പ്യൂൺ/അറ്റൻഡർ തസ്തികകളിൽ “Pass in standard seven” എന്നും ചട്ടത്തിൽ ഭേദഗതി വരുത്തി എസ്.ആർ.ഒ പ്രസിദ്ധപ്പെടുത്തിയ നടപടി സാധൂകരിക്കുന്നതിനായി സമിതിക്ക് മുമ്പിൽ സമർപ്പിക്കുന്നതായും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി പറഞ്ഞു.

പ്രസ്തുത എസ്.ആർ.ഒ പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

iii) കേരള സഹകരണ സംഘം (ഭേദഗതി) ചട്ടം, 2025

(എസ്.ആർ. ഒ.നം. 380/2025)

(ഫയൽ നം. KLS/3976/2025/Subc G1)

സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിന് അവിശ്വാസ പ്രമേയത്തിലൂടെ മാനേജിങ് കമ്മിറ്റിയെ ഒന്നാകെ നീക്കം ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ സഹകരണ സംഘം ചട്ടത്തിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ

റിട്ട് അപ്പീൽ 159/2022- ന്മേൽ ബഹു.ഹൈകോടതി 14.03.2022 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ നിർദേശിച്ചിരുന്നെന്നും പ്രസ്തുത വിധി പ്രകാരം സഹകരണ ചട്ടത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പൊതുജനങ്ങളിൽ നിന്നും സഹകാരികളിൽ നിന്നും നിർദ്ദേശങ്ങൾ തേടി കരട് ചട്ടം പ്രസിദ്ധപ്പെടുത്തിയിരുന്നെന്നും ആയത് കൂടി പരിശോധിച്ചാണ് 02-04-2025-ൽ പ്രസ്തുത എസ്.ആർ.ഒ. അടിയന്തരമായി പുറപ്പെടുവിച്ചതെന്നും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും മേൽനടപടി സാധൂകരിക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്തു.

പ്രസ്തുത എസ്.ആർ.ഒ പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

3. കേരള ഉപഭോക്തൃ സംരക്ഷണ ചട്ടങ്ങൾ, 2021 (എസ്.ആർ.ഒ. നം.359/21) – ദേദഗതി ചട്ടത്തിന്റെ കരട് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള കുറിപ്പ്.

(ഫയൽ നം.KLS/480/2025/Subc G1)

കേരള ഉപഭോക്തൃ സംരക്ഷണ ചട്ടങ്ങൾ, 2021 (എസ്.ആർ.ഒ. നം.359/21)- ദേദഗതി ചട്ടത്തിന്റെ കരട് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നതെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് 19.08.25 ന് വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടുണ്ടെന്നും ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിക്കുകയും പ്രസ്തുത റിപ്പോർട്ട് സമിതി യോഗത്തിൽ വിതരണം ചെയ്യുകയും ചെയ്തു.

സ്റ്റേറ്റ്, ഡിസ്ട്രിക്ട് കൗൺസിലുകളുടെ പ്രവർത്തനങ്ങളും ചുമതലകളും ആകുലെ 7, 9 വകുപ്പുകളുടെ പരിധിയിൽ വരുന്നവയോ അല്ലെങ്കിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്നവയോ ആണെന്നും അതിനാൽ ചട്ടത്തിൽ സമിതി നിർദേശിച്ച ഭേദഗതികൾ ആവശ്യമുള്ളതായി കാണുന്നില്ലെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ സമിതിയെ ബോധ്യപ്പെടുത്തി.

പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിക്കുകയും എസ്.ആർ.ഒ പ്രസിദ്ധപ്പെടുത്തിയ നടപടി സാധൂകരിക്കുകയും ചെയ്തു.

4. മൂവാറ്റുപുഴ പ്രാഥമിക സഹകരണ ബാങ്കിന്റെ പാർട്ട്-ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ച വിജ്ഞാപനം (എസ്.ആർ.ഒ.നം. 355/2021) സംബന്ധിച്ച സമിതി നിർദേശത്തിന്മേൽ സഹകരണ വകുപ്പ് ലഭ്യമാക്കിയ മറുപടി.

(ഫയൽ നം.12271/സബ് സി.ജി.1/2021/ലെ.ജി)

മൂവാറ്റുപുഴ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി 29-12-2020 മുതൽ 28-06-2021 വരെ ദീർഘിപ്പിച്ചു നൽകിയ ഉത്തരവ് പുറപ്പെടുവിച്ചത് 30-03-2021-നായിരുന്നെന്നും പ്രസ്തുത ഉത്തരവിൽ

'മുൻകാല പ്രാബല്യത്തോടെ' എന്ന പ്രയോഗംകൂടി ഉൾപ്പെടുത്തി എസ്.ആർ.ഒ. തിരുത്തി ഇറക്കണമെന്ന് സമിതി നിർദേശിച്ചിരുന്നെന്നും അതനുസരിച്ച് ഡ്രാഫ്റ്റ് തയ്യാറാക്കി ലീഗൽ വെറ്റിങ്ങിന് നൽകിയപ്പോൾ തീയതിയുടെ തുടക്കവും ഒടുക്കവും പറയുന്നതുകൊണ്ട് Prospectively/retrospectively എന്ന് ചേർക്കേണ്ടതിന്റെ ആവശ്യകതയില്ലെന്നും ഭരണപരമായ ബുദ്ധിമുട്ട് ഭാവിയിൽ ഉണ്ടാകാനിടയുണ്ടെന്നുമുള്ള റിമാർക്ക്സും നിയമ വകുപ്പിൽനിന്നും ലഭിച്ചിരുന്നെന്നും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും എസ്.ആർ.ഒ പ്രസിദ്ധപ്പെടുത്തിയ നടപടി സാധൂകരിക്കുകയും ചെയ്തു.

5. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ.

(ഫയൽ നം. KLS/3252/2025/Subc G1)

പ്രസ്തുത റിപ്പോർട്ടിലെ 12, 13, 17, 20 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

6. വാർഷിക പ്രവർത്തന റിപ്പോർട്ടും റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കിക്കൊണ്ട് വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകളും.

കാലതാമസ പത്രിക മാത്രമാണ് മുൻകാലങ്ങളിൽ സമിതി മുമ്പാകെ സമർപ്പിച്ചിരുന്നതെന്നും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 പ്രകാരം സർക്കാർ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് സമിതിക്ക് പഠന വിധേയമാക്കാമെന്ന ക്ലോസുള്ളതിനാൽ വാർഷിക പ്രവർത്തന റിപ്പോർട്ട് സമിതിയിൽ വിതരണം ചെയ്യാവുന്നതാണെന്ന തീരുമാനപ്രകാരമാണ് സമിതിയിൽ സമർപ്പിച്ചിട്ടുള്ളതെന്നും ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഉപഭോക്തൃകാര്യ വകുപ്പ് -(2021-22)- കാലതാമസപത്രിക സഹിതം
(ഫയൽ നം. 123/സബ്.സി.ജി1/2022/ലെ.ജി)
ഉപഭോക്തൃകാര്യ വകുപ്പ് -(2022-23)- കാലതാമസപത്രിക സഹിതം
(ഫയൽ നം. 860/സബ്.സി.ജി1/2023/ലെ.ജി)
ഭക്ഷ്യ പൊതുവിതരണ വകുപ്പ് -(2023-24)
(ഫയൽ നം. KLS/299/2025/Subc G1)

കാലതാമസ പത്രികകൾ സമിതി അംഗീകരിച്ചു

(യോഗം രാവിലെ 11.40-ന് അവസാനിച്ചു.)

29.09.2025-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2025 സെപ്റ്റംബർ മാസം 29-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തുറമുഖ-സഹകരണ- ദേവസ്വം വകുപ്പുമന്ത്രി ശ്രീ.വി.എൻ.വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പു മന്ത്രി ശ്രീ.ജി.ആർ.അനിൽ വീഡിയോ കോൺഫറൻസിങ് മുഖേന പങ്കെടുത്ത പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. ആന്റണി ജോൺ
3. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
4. ശ്രീ. ജി. സ്റ്റീഫൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ശരത്ചന്ദ്രൻ സി. എസ്., സ്പെഷ്യൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
2. ശ്രീമതി ഹിമ കെ., കമ്മീഷണർ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
3. ശ്രീ. അജി ഫിലിപ്പ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
4. ശ്രീ. റോയിച്ചൻ തോമസ്, ജോയിന്റ് സെക്രട്ടറി, ഭക്ഷ്യ- പൊതുവിതരണ വകുപ്പ്
5. ഡോ. ഡി. സജിത് ബാബു., രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റിവ് സൊസൈറ്റീസ്.
6. ശ്രീമതി അഞ്ജന എസ്., അഡീഷണൽ രജിസ്ട്രാർ, പ്ലാനിംഗ് & ഐ.സി.ഡി.പി., ഓഫീസ് ഓഫ് ദി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റിവ് സൊസൈറ്റീസ്, തിരുവനന്തപുരം
7. ശ്രീ. സാജൻ വി., ട്രഷറി ഡയറക്ടർ.
8. ശ്രീ. ജയകൃഷ്ണൻ വി. എം., മാനേജിങ് ഡയറക്ടർ, സപ്ലൈകോ
9. ശ്രീ. കിഷോർ കുമാർ ജെ., കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

10. ശ്രീ. അബ്ദുൽ ഹഫീസ് എം., ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

11. ശ്രീ. ദീപു എം. ആർ., അഡീഷണൽ ജനറൽ മാനേജർ (മാർക്കറ്റിങ് ആൻഡ് എസ്.ബി.-പെട്രോളിയം), സപ്ലൈകോ

12. ശ്രീമതി ഷജീന എ. ആർ., മാനേജർ (ധനകാര്യം), സപ്ലൈകോ

13. ശ്രീമതി അനിത കെ., മാനേജർ (പാഡി പ്രൊക്യൂർമെന്റ്), സപ്ലൈകോ

14. ശ്രീമതി ഷൈജ റാണി പി. പി., ജോയിന്റ് സെക്രട്ടറി, ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-സി) വകുപ്പ്

15. ശ്രീ. അജിത് കുമാർ സി., ജോയിന്റ് സെക്രട്ടറി, ധനകാര്യ (കൃഷി) വകുപ്പ്

16. ശ്രീമതി ശ്രീലത എൽ., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ (പി യു. ബി) വകുപ്പ്

സമിതി 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡികളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, 2024-25 സാമ്പത്തിക വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. **2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ.**
(ഫയൽ നം. KLS/3252/2025/Subc G1)

സഹകരണ (ബി) വകുപ്പ് - ഖണ്ഡിക 1-3
ഉപഭോക്തൃകാര്യ വകുപ്പ് - ഖണ്ഡിക 4-8, 10, 16

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-സി) വകുപ്പ് - ഖണ്ഡിക 9

ഭക്ഷ്യപൊതുവിതരണ (സി) വകുപ്പ് - ഖണ്ഡിക 11, 14, 15, 19

ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ് - ഖണ്ഡിക 12, 17, 20

ഭക്ഷ്യപൊതുവിതരണ (എ) വകുപ്പ് - ഖണ്ഡിക 18

ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പ് - ഖണ്ഡിക 21

മേൽ സൂചിപ്പിച്ചിട്ടുള്ള വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

2. **2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്**
(ഫയൽ നം.KLS/3252/2025-Subc G1)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

3. **2024 എപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്** (ഫയൽ നം.KLS/5627/2025-Subc G1)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(യോഗം വൈകുന്നേരം 6.10-ന് അവസാനിച്ചു.)

06.02.2026-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2026 ഫെബ്രുവരി മാസം 06-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '3-എ' സമ്മേളന ഹാളിൽ ചെയർമാനും ഗ്രാമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രിയുമായ ശ്രീ. വി. എൻ. വാസവന്റെ അധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസിങ് മുഖേന) യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (വീഡിയോ കോൺഫറൻസ് മുഖേന)
2. ശ്രീ. ജി. സ്റ്റീഫൻ (വീഡിയോ കോൺഫറൻസ് മുഖേന)
3. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (വീഡിയോ കോൺഫറൻസ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. അജി ഫിലിപ്പ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീമതി അഞ്ജന എസ്., അഡീഷണൽ രജിസ്ട്രാർ (പ്ലാനിംഗ് & ഐ.സി.ഡി.പി.), കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
3. ശ്രീമതി ഹസീന പി. എസ്., ജോയിന്റ് സെക്രട്ടറി, സഹകരണ വകുപ്പ്
4. ശ്രീ. ഷിബു ജി., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ (ബജറ്റ്) വകുപ്പ്
5. ശ്രീമതി രശ്മി വി. എൽ., അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
6. ശ്രീമതി ആര്യ സാജൻ, സീനിയർ ഇൻസ്പെക്ടർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

സമിതി 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXVII സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ/ നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു .

സഹകരണ വകുപ്പ്

ധനാഭ്യർത്ഥന നമ്പർ – XXVII

2425-00-107-59
4425-00-107-79
6425-00-107-68

സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി

സമഗ്ര കാർഷിക വികസന പദ്ധതിപ്രകാരം സബ്സിഡി, ഓഹരി, വായ്പ എന്നീ കോംപോണന്റുകൾക്കായി 22 കോടി രൂപയുള്ള പ്രൊപ്പോസലുകൾക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക 2026-27 സാമ്പത്തിക വർഷം അനുവദിച്ച് നൽകേണ്ടതിനാലും കൂടാതെ അടുത്ത സാമ്പത്തിക വർഷത്തെ ചെലവുകൾക്കും ആയി ആകെ 51 കോടി രൂപ ആവശ്യമായി വരുമെന്നും വിലയിരുത്തിയ സമിതി 2425-00-107-59, 4425-00-107-79 ശീർഷകങ്ങളിൽ 6 കോടി രൂപ വീതവും 6425-00-107-68 ശീർഷകത്തിൽ 4 കോടി രൂപയും ചേർത്ത് ആകെ 16 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2425-00-108-47-31

പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം – സഹായധനം – ശമ്പളം

കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാര തുകയായി 44.99 കോടി രൂപ 5 ഗഡുക്കളായി 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 9 കോടി രൂപ വീതം കേപ്പിന് അനുവദിച്ചു നൽകിയിട്ടുണ്ടെന്നും 2026-27 ൽ ഈ തുകയുടെ കുറവ് പരിഹരിക്കുന്നതിനും 1 കോടി രൂപ ഇൻക്രിമെന്റിനും 5 കോടി രൂപ വർഷങ്ങളായി കുടിശ്ശികയുള്ള താൽക്കാലിക കരാർ ദിവസവേതനക്കാർക്ക് മിനിമം വേജസ് ഉൾപ്പെടെയുള്ള ചെലവുകൾക്കും ആവശ്യമുണ്ടെന്ന് അഡീഷണൽ രജിസ്ട്രാർ (പ്ലാനിംഗ് & ഐ.സി.ഡി.പി.), കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് വിശദീകരിച്ചു. ഈ ശീർഷകത്തിൽ 15 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4425-00-001-96

സഹകരണ വകുപ്പിന്റെ നവീകരണം

സഹകരണ വകുപ്പിന്റെ കോഴിക്കോട് ജില്ലാ ആസ്ഥാന മന്ദിരമായ

സഹകരണഭവൻ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിന് 14.0042 കോടി രൂപ ആവശ്യമുണ്ടെന്നും എന്നാൽ ഈ ശീർഷകത്തിൽ ആകെ 2.50 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും ടി ശീർഷകത്തിൽ മതിയായ തുക ഇല്ലാത്തതിനാൽ ഈ പ്രോജക്ടിന് ഇ-അനുമതി ലഭ്യമാകാത്ത സാഹചര്യമുണ്ടെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 11.5042 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6425-00-108-10 **നബാർഡിന്റെ ആർ. ഐ. ഡി. എഫ് ന് കീഴിൽ സഹകരണ സംഘങ്ങൾക്കുള്ള വായ്പകൾ**

നബാർഡ് RIDF പദ്ധതി പ്രകാരം 76 കോടി രൂപയുടെ വായ്പയ്ക്ക് കാപ്കോസിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രോജക്ട് കോസ്റ്റ് വർദ്ധിച്ച സാഹചര്യത്തിൽ അധികമായി 25 കോടി രൂപ കൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും 2025-26 സാമ്പത്തിക വർഷം 6.68 കോടി രൂപയാണ് കാപ്കോസിന് അനുവദിച്ച് നൽകിയിട്ടുള്ളതെന്നും 2026-27 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 10 കോടി രൂപ പദ്ധതി പൂർത്തീകരണത്തിന് അപര്യാപ്തമാണെന്നും അഡീഷണൽ രജിസ്ട്രാർ (പ്ലാനിംഗ് & ഐ.സി.ഡി.പി.), കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് സമിതിയെ ബോധ്യപ്പെടുത്തി. ഈ ശീർഷകത്തിൽ 60 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് അവസാനിച്ചു.)

10.02.2026-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2026 ഫെബ്രുവരി മാസം 10-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ശ്രീമതി ആർ. ബിന്ദു-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസിങ് മുഖേന) യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായ ശ്രീ. ജി. ആർ. അനിലും (വീഡിയോ കോൺഫറൻസിങ് മുഖേന) ഹാജരായിരുന്നു.

പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ജി. സ്റ്റീഫൻ (വീഡിയോ കോൺഫറൻസ് മുഖേന)
2. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (വീഡിയോ കോൺഫറൻസ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി

2. ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ശരത് ചന്ദ്രൻ സി. എസ്., സ്പെഷ്യൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്
2. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. വി. സാജൻ, ഡയറക്ടർ, ഡയറക്ടേറ്റ് ഓഫ് ട്രഷറീസ്
4. ശ്രീമതി റീനാ ഗോപാൽ ആർ., കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്.
5. ശ്രീ. റോയിച്ചൻ തോമസ്, ജോയിന്റ് സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്
6. ശ്രീമതി സുനീജ ബീഗം എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ (ബഡ്ജറ്റ് വിംഗ്) വകുപ്പ്
7. ശ്രീ. ബിനു ചന്ദ്രൻ സി., ജോയിന്റ് സെക്രട്ടറി, ഡയറക്ടേറ്റ് ഓഫ് ട്രഷറീസ്
8. ശ്രീ. അജി ഫ്രാൻസിസ്, ചീഫ് അക്കൗണ്ട്സ് ഓഫീസർ, o/o കമ്മീഷണർ ഓഫ് സിവിൽ സപ്ലൈസ് & കൺസ്യൂമർ അഫയേഴ്സ്
9. ശ്രീ. അബ്ദുൽ ഹഫീസ് എം., ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

സമിതി, 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXVIII, ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXX എന്നിവയിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ / നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു .

ലീഗൽ മെട്രോളജി വകുപ്പ്
ധനാഭ്യർത്ഥന നമ്പർ **XXVIII**

3475-00-106-99-06 **<u>അളവുകളുടെയും തൂക്കങ്ങളുടെയും</u> <u>ക്രമീകരണം</u> <u>മെട്രിക് സമ്പ്രദായം</u> <u>നടപ്പാക്കൽ – വാടക, കരം, നികുതി.</u>**

സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി വകുപ്പിന്റെ ഓഫീസുകളുടെ പ്രതിമാസ വാടക, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പുതുതായി രൂപീകരിച്ച 14 താലൂക്കുതല ഇൻസ്പെക്ടറാഫീസുകളുടെ വാടക, ഹൗസിംഗ് ബോർഡ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി ഓഫീസുകളുടെ വാടക, മുൻ സാമ്പത്തിക വർഷങ്ങളിലെ പെൻഡിംഗ് തുക മുതലായവ നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക

അപര്യാപ്തമാണെന്ന് ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ് വിശദികരിച്ചു. ഈ ശീർഷകത്തിൽ 37 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3475-00-106-99-21(2) **അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും**

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി പരിശോധനകൾ നടത്തുന്നതിനായി സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടിവരുന്നതുമൂലം വാഹനങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപണികൾക്കും മുൻ സാമ്പത്തിക വർഷങ്ങളിലെ പെൻഡിംഗ് തുക നൽകുന്നതിനും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുവാൻ ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3475-00-106-99-45 **അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - പി.ഒ.എൽ.**

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി നടത്തുന്ന പരിശോധനകൾക്ക് സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം വർദ്ധിച്ചു വരുന്ന ഇന്ധന ചെലവ് വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ് സമിതിയെ ബോധ്യപ്പെടുത്തി. ഈ ശീർഷകത്തിൽ 33 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3475-00-106-98 **അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ**

കാര്യക്ഷമവും കുറ്റമറ്റതുമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതിയാണിത്. 2025-26 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ ലബോറട്ടറികളുടെയും ഓഫീസുകളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനും പരിപാലനത്തിനും, ഫർണിച്ചറുകൾ ഉൾപ്പെടെയുള്ള പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്റ്റാംപിംഗ് പഞ്ചുകൾ, സീലിംഗ് സ്റ്റഡ്ഡുകൾ, സ്റ്റാംപിംഗ് പ്ളയറുകൾ മുതലായവ വാങ്ങൽ, ഇലക്ട്രോണിക് ബാലൻസുകൾക്ക് സ്പെഷ്യൽ സീലിംഗ് ടാഗുകൾ, കൊല്ലം ലീഗൽ മെട്രോളജി ഭവനിൽ ഫെൻസിങ് സ്ഥാപിക്കൽ, കാക്കനാട് ലീഗൽ മെട്രോളജി ഭവനിലെ ഇലക്ട്രിക്കൽ പാനൽ ബോർഡ് മാറ്റി സ്ഥാപിക്കൽ, പുതിയ ജനറേറ്റർ, വാട്ടർ ക്ലർ സ്ഥാപിക്കൽ, വിവിധ ഇ-ഗവേണൻസ് പ്രോജക്ടുകൾ മുതലായ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 6.46 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ആകെ 4 കോടി രൂപ

മാത്രമാണ് വകയിരുത്തിയിട്ടുള്ളത് എന്ന് സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3475-00-106-90-91 പരിശീലന പരിപാടി - പരിശീലനം

ലീഗൽ മെട്രോളജി മേഖലയിലെ ഏറ്റവും പുതിയ മാറ്റങ്ങളും സംഭവ വികാസങ്ങളും അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ആനുകാലിക റിഫ്രഷർ പരിശീലനം ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് ലീഗൽ മെട്രോളജിയുടെ (ഒ.ഐ.എം.എൽ) ശിപാർശയ്ക്കനുസൃതമായി ഓരോ ലീഗൽ മെട്രോളജി ഓഫീസർക്കും ആവശ്യമാണ്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ പരിശീലന കേന്ദ്രങ്ങളായ നാഷണൽ ഫിസിക്കൽ ലബോറട്ടറി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെയിനിംഗ് ഫോർ സ്റ്റാൻഡേർഡൈസേഷൻ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, ഫ്ലൂയിഡ് കൺട്രോൾ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻഷ്യൽ മാനേജ്മെന്റ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്നിവിടങ്ങളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി ഉണഭോക്താക്കൾക്ക് മെച്ചപ്പെട്ടതും ഉയർന്ന ഗുണനിലവാരത്തിലുമുള്ള സേവനം ഉറപ്പുവരുത്താനും, തൊഴിൽ നൈപുണ്യം, മനോഭാവം, നിർവ്വഹണശേഷി എന്നിവ ഉയർത്തുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ് വിശദീകരിക്കുകയും ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

5475-00-800-79 ലീഗൽ മെട്രോളജി വകുപ്പിന്റെ നവീകരണ പ്രവൃത്തികൾ

കോട്ടയം ജില്ലയിൽ ഓഫീസ് കെട്ടിട/ലാബോറട്ടറി കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച വകയിൽ അനുവദിക്കാനുള്ള തുകയായ 1.2 കോടി രൂപ, കാസർഗോഡ് ഓഫീസ് കെട്ടിട/ലാബോറട്ടറി കോംപ്ലക്സ് നിർമ്മാണ പൂർത്തീകരണത്തിന് ആവശ്യമായ 1.5 കോടി രൂപ, പട്ടം ലീഗൽ മെട്രോളജി ഭവനിൽ സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് അറ്റകുറ്റപ്പണികൾ മുതലായ വർക്കുകൾക്ക് ആവശ്യമായ 30 ലക്ഷം രൂപ ഉൾപ്പെടെ ആകെ 3 കോടി രൂപ ആവശ്യമാണെന്നും നിലവിൽ 2.01 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് എന്നും സമിതി നിരീക്ഷിച്ചു. അതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഭക്ഷ്യപൊതുവിതരണ വകുപ്പ്

ധനാഭ്യർത്ഥന നമ്പർ XXX

2408-01-001-99 താലൂക്ക് സപ്ലൈ ഓഫീസുകൾ /സിറ്റി റേഷനിംഗ് ഓഫീസുകൾ

സംസ്ഥാനത്ത് 78 താലൂക്ക് സപ്ലൈ ഓഫീസുകളും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ 2 വീതം ആകെ 6 സിറ്റി റേഷനിങ് ഓഫീസുകളും ഉൾപ്പെടെ ആകെ 84 ഓഫീസുകളിലായി 1329 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ ശമ്പളം, യാത്രപ്പടി, അവധി യാത്ര ആനുകൂല്യം, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ വഹിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. അതിനാൽ ഈ ശീർഷകത്തിൽ 83.05 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2408-01-101-96-33 കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ-സബ്സിഡികൾ

സംസ്ഥാനത്തെ നെൽ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, സംസ്ഥാനത്തെ ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച്, പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2026-27 സാമ്പത്തിക വർഷം സംഭരിക്കാൻ ഉദ്ദേശിക്കുന്ന 6.29 ലക്ഷം മെട്രിക് ടൺ നെല്ലിനുള്ള സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് ഇനത്തിൽ 63.10 രൂപ/kg നിരക്കിൽ 441.7 കോടി രൂപ ചെലവ് വരുന്നതാണെന്നും. ഇതിനു പുറമെ പലിശ ഇനത്തിൽ 60 കോടി രൂപയും, OTR ഇനത്തിൽ കുടിശ്ശികയുള്ള 316.44 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 818.14 കോടി രൂപ ആവശ്യമുണ്ടെന്ന് ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് വിശദീകരിച്ചു. അതിനാൽ ഈ ശീർഷകത്തിൽ 76.14 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2408-01-101-94-(03)-33 റേഷൻ സബ്സിഡി – റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത കൈകാര്യ ചെലവുകൾ – സബ്സിഡികൾ

അന്തർ സംസ്ഥാന റേഷൻ വിതരണത്തിനുള്ള ഗതാഗത കൈകാര്യ അനുബന്ധ ചെലവിനത്തിൽ മൊത്തം 371 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കി. എന്നാൽ പ്രസ്തുത ശീർഷകത്തിൽ 261 കോടി രൂപയാണ് നിലവിൽ വകയിരുത്തിയിട്ടുള്ളത്. അതിനാൽ ഈ ശീർഷകത്തിൽ 110 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2408-01-102-99-33 കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇൻറർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് – സബ്സിഡികൾ

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ

രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ 1522 ൽ പരം വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. ശരാശരി 15% വരെ ഡിസ്കൗണ്ടിൽ മരുന്നുകൾ വിൽക്കാൻ 87 ചില്ലറ മരുന്ന് വിൽപന ശാലകൾ സംസ്ഥാനത്തുടനീളം തുറന്നു പ്രവർത്തിക്കുന്നു. ബി.പി.എൽ. കുടുംബങ്ങൾക്ക് 25% ഡിസ്കൗണ്ടിലാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. 5 മെഡിക്കൽ മൊത്ത വ്യാപാര ഡിപ്പോകളും പ്രവർത്തിച്ചു വരുന്നു. സപ്ലൈകോ നടത്തി വരുന്ന മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തുന്നത്. നിലവിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിൽപ്പന നടത്തിയ വകയിൽ പ്രതിമാസം ശരാശരി 30 കോടി രൂപയുടെ നഷ്ടം സപ്ലൈകോയ്ക്ക് ഉണ്ടാകുന്നുണ്ടെന്നും 2026-27 സാമ്പത്തിക വർഷം വിപണിയിടപെടൽ പ്രവർത്തനങ്ങൾക്ക് 360 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി മനസ്സിലാക്കി. അതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 45 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2408-01-190-92 സപ്ലൈകോയുടെ വിൽപ്പന കേന്ദ്രങ്ങൾ നവീകരിക്കൽ

സംസ്ഥാനത്തൊട്ടാകെ സപ്ലൈകോയുടെ കീഴിലുള്ള 1522 ചില്ലറ വിൽപ്പന ശാലകളിൽ നിന്നും ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടതും വേഗത്തിലുമുള്ളതുമായ സേവനം നൽകുക എന്ന ഉദ്ദേശത്തോടെ എല്ലാ വിൽപ്പന ശാലകളും കാലാനുസൃതമായി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷം വില്പനശാല നവീകരണത്തിനായി 100 വില്പനശാലകൾ തിരഞ്ഞെടുത്തിട്ടുണ്ടെന്നും ഇതിനു പുറമെ മുൻ വർഷങ്ങളിൽ വില്പനശാല നവീകരണം നടത്തിയ വകയിൽ 4.24 കോടി രൂപ നിലവിൽ സപ്ലൈകോയ്ക്ക് ലഭിക്കുവാനുണ്ടെന്നും അതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണെന്നും സമിതി നിരീക്ഷിച്ചു. അതിനാൽ, വില്പനശാല നവീകരണത്തിനായി ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-99 കമ്മീഷണറേറ്റ് ഓഫ് സിവിൽ സപ്ലൈസ് വകുപ്പ്

സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സിവിൽ സപ്ലൈസ് കമ്മീഷണർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കൺട്രോളർ ഓഫ് റേഷനിങ്, ചീഫ് അക്കൗണ്ട്സ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, മൂന്ന് അസിസ്റ്റന്റ് സെക്രട്ടറിമാർ, വിജിലൻസ് ഓഫീസർ, ലാ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നിവർ ഉൾപ്പെടെ ആകെ 160 ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രാ ബത്ത, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, മറ്റ് അലവൻസുകൾ, ആഫീസ് ചെലവുകൾ മുതലായവയ്ക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. അതിനാൽ ഈ ശീർഷകത്തിൽ 23.72 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം

വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-98 മേൽ നോട്ടം-റേഷനിംഗ് ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്

കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വകുപ്പിന്റെ രണ്ട് മേഖലാ ഓഫീസുകളിൽ ജോലി ചെയ്യുന്ന 18 ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രാബത്ത എന്നിവയ്ക്കും ഓഫീസിന്റെ പ്രവർത്തന ചെലുകൾക്കുമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. അതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-97 ജില്ലാ ഓഫീസുകൾ

സിവിൽ സപ്ലൈസ് വകുപ്പിന്റെ 14 ജില്ലാ സപ്ലൈ ഓഫീസുകളിലായി ജോലി ചെയ്യുന്ന ആകെ 271 ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രപ്പടി, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. അതിനാൽ ഈ ശീർഷകത്തിൽ 16.35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-80 ദേശീയ ഭക്ഷ്യസുരക്ഷ നിയമത്തിനുകീഴിൽ വരുന്ന സംസ്ഥാന ഭക്ഷ്യകമ്മീഷൻ ജില്ലാ പരാതി പരിഹാര ഓഫീസുകൾ

സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ ജോലി ചെയ്തുവരുന്ന ചെയർമാൻ, മെമ്പർ സെക്രട്ടറി, കമ്മീഷൻ അംഗങ്ങൾ, സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിതരായിട്ടുള്ള 15 ജീവനക്കാർ എന്നിവരുടെ ശമ്പളം, യാത്രാബത്ത, അവധി യാത്രാനുകൂല്യം, മറ്റു ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. അതിനാൽ ഈ ശീർഷകത്തിൽ 5.7 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-78 ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ഈ-പോസ് സിം ചാർജ്ജും, തെർമൽ പേപ്പർ റോൾ ചാർജ്ജും, ഇ-പോസ് മെഷീനുകളുടെ വാർഷിക മെയിന്റെനൻസ് ചാർജ്ജുകളും എന്ന ഘടകത്തിനായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. അതിനാൽ ഈ ശീർഷകത്തിൽ 7.7916 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-77 പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം.

3456-00-001-77 എന്ന ശീർഷകത്തിൽ Infrastructure for Civil Supplies Department-Paperless office/eOffice Implementation of HRM software etc., in Civil Supplies department ഓഫീസ്സ് എന്ന പദ്ധതി ഘടകത്തിന് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള എന്നും 2025-26 സാമ്പത്തികവർഷം നൽകാൻ സാധിക്കാതിരുന്ന HRM software-ന്റെ 17 ലക്ഷത്തോളം രൂപ 2026-27 സാമ്പത്തിക വർഷം നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ അധികമായി 20 ലക്ഷം രൂപയും കൂടാതെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ പുതിയ വാഹനം വാങ്ങുന്നതിലേയ്ക്കായി അനുവദിച്ചിട്ടുള്ള 2.05 കോടി രൂപ വിനിയോഗിച്ച് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ, ഔദ്യോഗിക വാഹനം ഇല്ലാത്തതും കണ്ടം ചെയ്തതുമായ എല്ലാ താലൂക്കുകളിലും പുതിയ വാഹനം വാങ്ങാൻ സാധിക്കില്ലെന്നതിനാൽ ഒരു വാഹനത്തിന് ഏകദേശം 8,28,000/-രൂപ നിരക്കിൽ 49 വാഹനമില്ലാത്ത താലൂക്കുകളിലേയ്ക്ക് 3456-00-001-77-00-21-01-PV എന്ന ശീർഷകത്തിൽ അധികമായി 2.01 കോടി രൂപയും ആവശ്യമായി വരുമെന്ന് ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് സമിതിയെ ബോധ്യപ്പെടുത്തി. അതിനാൽ ഈ ശീർഷകത്തിൽ ആകെ 2.21 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-75 സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലാ കമ്മീഷനുകളും

ശ്രീ. C. K. മിത്രൻ ഫയൽ ചെയ്തിട്ടുള്ള WP(C) No. 22325/2021 നമ്പർ കേസുമായി ബന്ധപ്പെട്ട്, സംസ്ഥാന കമ്മിഷന്റെയും, ജില്ലാ കമ്മീഷനുകളുടെയും കമ്പ്യൂട്ടറും, വീഡിയോ കോൺഫറൻസിംഗിനും മറ്റ് അടിസ്ഥാന ആവശ്യങ്ങൾക്കുമായി നടപ്പ് സാമ്പത്തിക വർഷം SDG മുഖേന ₹1,76,54,251/- രൂപ അനുവദിക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭിച്ചിട്ടില്ലെന്നും സംസ്ഥാന/ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ, മറ്റ് ഉപകരണങ്ങൾ വാങ്ങൽ, CCTV സ്ഥാപിക്കൽ എന്നിവയ്ക്കായി പ്ലാൻ ഹെഡിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 1.49 കോടി രൂപ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കി. കൂടാതെ സംസ്ഥാന/ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലെ നോൺ പ്ലാൻ ഹെഡുകളിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാ ബത്ത, അവധി യാത്ര ആനുകൂല്യം, മറ്റ് ഓഫീസ് ചെലവുകൾ എന്നീ ഘടകങ്ങൾക്ക് നിലവിൽ വകയിരിത്തിയിട്ടുള്ള തുകകൾ അപര്യാപ്തമാണെന്നും സമിതി നിരീക്ഷിച്ചു. അതിനാൽ ഈ ശീർഷകത്തിൽ പ്ലാൻ വിഹിതം 2.5 കോടി രൂപയും നോൺ പ്ലാൻ വിഹിതം 18.5 ലക്ഷം രൂപയും അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-104-99 കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ (കോർപ്പസ് ഫണ്ട്)

2026-27 സാമ്പത്തിക വർഷത്തിലേക്ക് ഇതിനകം ആസൂത്രണം ചെയ്തിട്ടുള്ള വിവിധങ്ങളായ നൂതന പദ്ധതികൾക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന്

സമിതി വിലയിരുത്തി. പ്രസ്തുത ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4408-01-001-99 പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം

ഇടുക്കി ജില്ലയിലെ സപ്ലൈകോ ഗോഡൗണിന്റെ മുകളിൽ യാതൊരു സൗകര്യങ്ങളും ഇല്ലാതെ പ്രവർത്തിച്ച് വരുന്ന പീരുമേട് താലൂക്ക് സപ്ലൈ ഓഫീസിനുവേണ്ടി വകുപ്പിന് സ്വന്തമായി ലഭ്യമായിട്ടുള്ള സ്ഥലത്ത് ഓഫീസ് കെട്ടിടം പണിയാനായി പ്രാരംഭ ഘട്ടത്തിൽ 2 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി. അതിനാൽ, ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപയ്ക്ക് പുറമേ 1.25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4408-01-101-92 ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം

Weighing Machine Generator & Computers എന്ന 1.20 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ഘടകത്തിന് നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും CCTV for NFSA Godowns എന്ന മൊത്തം 3.15 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ഘടകത്തിന് നിലവിൽ 100 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും ICT – infrastructure and connectivity-Various offices including Commissionerate of Civil Supplies എന്ന പദ്ധതി ഘടകത്തിന് 1.24 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും എന്നാൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലേക്കാവശ്യമായ കമ്പ്യൂട്ടറുകൾ, യുപിഎസ്, പ്രിന്റർ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങുന്നതിനും, BSNL CUG SIM, BSNL Leased line എന്നിവയ്ക്ക് വേണ്ടിയും ഈ തുകയാണ് വിനിയോഗിക്കുന്നതെന്നും പൊതുവിതരണ ഉപഭോക്തൃ വകുപ്പിലെ 83 താലൂക്ക്, സിറ്റി റേഷനിംഗ് ഓഫീസുകളിലെ 335 റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് 2018-ൽ വാങ്ങി നൽകിയ ലാപ്ടോപ്പുകൾ എല്ലാം തകരാറിലായതിനാൽ 2026-27 സാമ്പത്തിക വർഷം പുതിയ ലാപ്ടോപ്പുകൾ വാങ്ങുന്നതിലേക്ക് ഒരു ലാപ്ടോപ്പിന് ഏകദേശം 45,000/- രൂപ നിരക്കിൽ ആകെ 1.6 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി വിലയിരുത്തി. അതിനാൽ പ്രസ്തുത പദ്ധതി ഘടകങ്ങൾക്കായി 4408-01-101-92 എന്ന ശീർഷകത്തിൽ 4.95 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4408-01-103-99 കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻറ് ഡെവലപ്മെന്റ്

ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI)-യുടെ പുതുക്കിയ മാനദണ്ഡപ്രകാരം ഭക്ഷ്യസാമ്പിളുകളിലെ അനുവദനീയമായ അളവിൽ ഉപയോഗിക്കാവുന്ന കീടനാശിനികളുടെ പരിശോധന നടത്തുന്നതിന് അനിവാര്യമായ GGMSMS എന്ന ഉപകരണം വാങ്ങുന്നതിന് ആവശ്യമായ 200 ലക്ഷം രൂപയിൽ നിലവിൽ വകയിരിത്തിയിട്ടുള്ള 6 ലക്ഷം രൂപയ്ക്ക് പുറമെ 194 ലക്ഷം രൂപ കൂടി ആവശ്യമുണ്ടെന്നും ഫുഡ് ക്വാളിറ്റി മോണിട്ടറിംഗ്

ലബോറട്ടറിയുടെ മൈക്രോബയോളജി ലാബ് 60 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിടത്തിന്റെ അത്യാവശ്യജോലികൾ ചെയ്ത് പൂതുക്കിയാണ് 2008 മുതൽ പ്രവർത്തിക്കുന്നതെന്നും ഇപ്പോൾ ഈ കെട്ടിടത്തിന്റെ പല ഭാഗങ്ങളിലും ഫാൾസ് സീലിംഗ് ഇളകിയ നിലയിലും, പല മുറികളും മഴസമയത്ത് ചോർന്നൊലിക്കുന്നതും ഇലക്ട്രിക് വയറിംഗുകളും വാതിലുകളും മുഴുവൻ തകരാറിലായതുമായ അവസ്ഥയിലാണെന്നതിനാൽ മെഷീനറികളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും കൂടാതെ ലബോറട്ടറിയുടെ കെമിക്കൽ വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ റിപ്പയർ, മെയിന്റനൻസ്, പെയിന്റിംഗ് ജോലികളും അടിയന്തരമായി ചെയ്യേണ്ടതിനാലും 80 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 6 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും ബാക്കി 74 ലക്ഷം രൂപ കൂടി ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കി.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI) നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഭക്ഷ്യപദാർത്ഥങ്ങളിലെ ഹെവി മെറ്റൽസ് പരിശോധിക്കുന്നതിനായി മൈക്രോവേവ് ഡൈജസ്റ്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ആവശ്യമുള്ള 26 ലക്ഷം രൂപയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 6 ലക്ഷം രൂപയ്ക്ക് പുറമെ 20 ലക്ഷം രൂപ കൂടി ആവശ്യമാണെന്നും സമിതി കാണുന്നു. കൂടാതെ എഫ്.ക്യു.എം.എൽ.-ൽ സാമ്പിൾ പരിശോധനകളുടെ കൃത്യത ഉറപ്പാക്കുന്നതിന് ഉപകരണങ്ങളുടെ കാര്യക്ഷമതയും കൃത്യതയും ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്ന് NABL നിർദ്ദേശിക്കുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെ കാലോചിതമായ അപ്ഗ്രഡേഷൻ വാർഷിക മെയിന്റനൻസ് സ്പെയർ പാർട്സ് മാറ്റിവെക്കൽ എന്നിവയ്ക്കും റീഏജന്റുകളുടെ വാങ്ങലിനുമായി 45 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 6 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും ബാക്കി 39 ലക്ഷം രൂപ കൂടി ആവശ്യമാണെന്നും സമിതി വിലയിരുത്തി. അതിനാൽ, പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ ആകെ 3.27 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4408-02-101-99 ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

സപ്ലൈകോ ചുമതലയിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 10 കോടി രൂപ സിവിൽ സപ്ലൈസ് വകുപ്പിന്റെ ചുമതലയിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 11.50 കോടി രൂപ എന്നിങ്ങനെ 4408-02-101-99 ശീർഷകത്തിൽ ആകെ 21.5 കോടി രൂപയാണ് നിലവിൽ വകയിരുത്തിയിട്ടുള്ളത്. സപ്ലൈകോ ചുമതലയിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് മൊത്തം 11.84 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പ്രസ്തുത പദ്ധതി ഘടകത്തിൽ 1.84 കോടി രൂപ കൂടി അധികമായി ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 1.84 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്കശേഷം 3.00 മണിക്ക് അവസാനിച്ചു)

19.02.2026-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2026 ഫെബ്രുവരി മാസം 19-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ-ന്റെ അസാന്നിധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായ ശ്രീ. ജി. ആർ. അനിലിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു.

യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അബ്ദുൽ ഹമീദ് പി. (വീഡിയോ കോൺഫറൻസ് മുഖേന)
2. ശ്രീ. ആന്റണി ജോൺ
3. ശ്രീ. ജി. സ്റ്റീഫൻ (വീഡിയോ കോൺഫറൻസ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

സമിതി, 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും 1 മുതൽ 27 വരെയുള്ള ശിപാർശകൾ ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്കശേഷം 2.45- ന് അവസാനിച്ചു.)